# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2381

2014 ഡിസംബര്‍ 9-ാം തീയതി മറുപടി നല്‍കേണ്ടത്

## കരാറുകാരുടെ കുടിശ്ശിക

**ചോദ്യം**

ശ്രീ. ജി. സുധാകരന്‍

**ഉത്തരം**

ശ്രീ. കെ. എം. മാണി
ധനകാര്യവും നിയമവും
ഭവനനിര്‍മ്മാണവും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. കരാറുകാര്‍ക്ക് ബില്ലുകള്‍ സമയബന്ധിതമായി മാറി പണം നല്‍കാത്തത് വികസന പ്രവര്‍ത്തനങ്ങളെ പ്രതികൂലമായി ബാധിച്ചു എന്ന കാര്യം ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ; | വികസനപ്രവര്‍ത്തനങ്ങള്‍ തടസപ്പെട്ടിട്ടില്ല. |
| ബി) ആസ്തിവികസന പദ്ധതിയില്‍പ്പെട്ട ബില്ലുകള്‍ മാറി നല്‍കുന്നതിന് ഏന്തെങ്കിലും പ്രത്യേക പരിഗണന നല്‍കുന്ന കാര്യം പരിശോധിക്കാമോ? | പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലുകള്‍ സംസ്ഥാനതല മുന്‍ഗണനാക്രമത്തിലാണ് ഉള്‍പ്പെടുത്തിയിരിക്കുന്നത്. ബഹു. കേരളാ ഹൈക്കോടതിയുടെ CCC.803/2000 ന്റെയും അനുബന്ധ കേസുകളുടേയും ഉത്തരവിന്റെ അടിസ്ഥാനത്തില്‍ കേന്ദ്രസഹായമുള്ള പദ്ധതികള്‍, വിദേശ സഹായമുള്ള പദ്ധതികള്‍, നബാര്‍ഡ് സഹായമുള്ള പദ്ധതികള്‍ എന്നിവ ഒഴികെയുള്ള മരാമത്ത് പ്രവൃത്തികളുടെ ബില്ലുകള്‍ സംസ്ഥാനതല മുന്‍ഗണനാക്രമത്തിലാണ് മാറുന്നത്. |

| | |
|---|---|
| | പൊതുമരാമത്ത് വകുപ്പ് മുഖേന നടത്തുന്ന ആസ്തിവികസന പദ്ധതി പ്രകാരമുള്ള മരാമത്ത് പണികളുടെ ബില്ലുകളും ഇപ്രകാരം സംസ്ഥാനതല മുൻഗണനാ ക്രമത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ആയതിനാൽ ഈ ബില്ലുകൾ മാറുന്നതിന് പ്രത്യേക പരിഗണന നൽകിയാൽ അത് ബഹു. ഹൈക്കോടതി ഉത്തരവിന്റെ ലംഘനമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ